## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1757** **05-07-2022 - ൽ മറുപടിയ്ക്ക്**

## പഠന വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പഠന വെല്ലുവിളി നേരിടുന്ന കുട്ടികളും അവരുടെ കുടുംബവും നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഈ കുട്ടികൾക്ക് ആവശ്യമായ ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ നിയമനം, കൃത്യമായ മെഡിക്കൽ ബോർഡ് ചേരൽ, സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സഹകരണം എന്നിവ ഉറപ്പുവരുത്തുവാൻ ആവശ്യമായി നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ? | (എ) | 2016 ലെ The Rights of Persons with Disabilities Act ലെ 16-ാം വകുപ്പിലെ വ്യവസ്ഥകളുടെയും 56-ാം വകുപ്പ് പ്രകാരം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ കുട്ടികളെ 8 വയസ്സുള്ളപ്പോൾ അതത് സ്കൂളുകളിൽ തന്നെ ടീച്ചർമാർ സ്ക്രീൻ ചെയ്യുകയും ബുദ്ധിമുട്ട് കണ്ടെത്തുന്ന കുട്ടികളെ സ്കൂൾ അധികൃതർ പഠന വൈകല്യ നിർണ്ണയത്തിനായി ഡിസബിലിറ്റി ബോർഡിലേക്ക് അയക്കേണ്ടതുമാണ്. സൈക്യാട്രിസ്റ്റ്/ പീഡിയാട്രിഷൻ, ക്ലിനിക്കൽ/ റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ/ഒക്ക്യൂപ്പേഷണൽ തെറാപിസ്റ്റ് എന്നിവരാണ് പഠനവൈകല്യ നിർണ്ണയത്തിനുള്ള ഡിസബിലിറ്റി ബോർഡ് അംഗങ്ങൾ. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളെ ഉൾപ്പെടുത്തി 168 ബി.ആർ.സി. കളിലായി മെഡിക്കൽ ക്യാമ്പ് നടത്തുന്നു. 2016 ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്റ്റിൽ ഷെഡ്യൂൾ ചെയ്തിരിക്കുന്ന 21 തരം വൈകല്യങ്ങളാണ് പരിശോധിക്കപ്പെടുന്നത്. വിദഗ്ധരായ ഡോക്ടർമാർ, ടെക്നീഷ്യന്മാർ, പാരാ-മെഡിക്കൽ സ്റ്റാഫ് എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്ന ക്യാമ്പിൽ കുട്ടികളുടെ വിവിധ തരത്തിലുള്ള വൈകല്യങ്ങൾ കണ്ടെത്തുന്നു. തുടർന്ന് മെഡിക്കൽ ബോർഡ് കൂടി വൈകല്യത്തിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നു.<br><br>കുട്ടികൾക്ക് ആവശ്യമായ ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളെ നിയമിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും നടപടികൾ സ്വീകരിക്കുന്നുണ്ട്. ഡിസബിലിറ്റി ബോർഡുകൾ എല്ലാ ജില്ലകളിലും നിലവിലുണ്ട്. ഇതിന്റെ ഭാഗമായി തന്നെ പഠന വൈകല്യമുള്ള കുട്ടികൾക്ക് ആവശ്യമായ |

പരിശോധനകൾ നടത്തി ആവശ്യമുള്ള കുട്ടികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നു. ആവശ്യമുള്ളപ്പോഴൊക്കെ പഠന വൈകല്യത്തിനുള്ള ബോർഡുകൾ കൂടുകയും സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്യുന്നുണ്ട്.

പാഠഭാഗങ്ങൾ, പഠന പ്രക്രിയ, പഠനബോധന ഉപകരണങ്ങൾ, മൂല്യനിർണ്ണയം തുടങ്ങിയവ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അനുയോജ്യമായി നൽകി വരുന്നു. കോവിഡ് 19 പശ്ചാത്തലത്തിൽ ഭിന്നശേഷി കുട്ടികൾക്കായി പാഠഭാഗങ്ങളുടെ വീഡിയോകൾ White Board എന്ന നാമത്തിൽ പ്രത്യേകം തയ്യാറാക്കി വിക്ടേഴ്സ് ചാനലിലൂടെ സംപ്രേഷണം ചെയ്തിട്ടുണ്ടായിരുന്നു. കൂടാതെ പ്രസ്തുത വീഡിയോകൾ യൂട്യൂബിലും ലഭ്യമാണ്. ഇവ സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ നേതൃത്വത്തിൽ പ്രാദേശിക ഓൺലൈൻ കൂട്ടായ്മയിലൂടെയും കുട്ടികളിൽ എത്തിക്കുന്നു.

40%മോ അതിൽ കൂടുതലോ വൈകല്യമുള്ള കുട്ടികൾക്ക് അവരവരുടെ വൈകല്യത്തിനനുസരിച്ച് സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അർഹതയുള്ള ആനുകൂല്യങ്ങൾ നൽകി വരുന്നു. സമഗ്ര ശിക്ഷ കേരള (SSK) വഴി നിയമിതരായിട്ടുള്ള പ്രത്യേക പരിശീലനം ലഭിച്ച റിസോഴ്സ് അദ്ധ്യാപകരുടെ സഹായത്താൽ ഇത്തരം കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തി ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ വേണ്ട നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

പി.ഡബ്ലിയൂ.ഡി. ആക്ട് 1995, ആർ.പി.ഡബ്ലിയൂ.ഡി. ആക്ട് 2016 എന്നിവയിൽ പറഞ്ഞിട്ടുള്ള പരീക്ഷ ആനുകൂല്യങ്ങളെല്ലാം പഠനവൈകല്യമുള്ള കുട്ടികൾക്ക് നൽകി വരുന്നു. പൊതു പരീക്ഷകളിൽ

സ്ക്രൈബ്, ഇന്റർപ്രെട്ടർ ഇവയിൽ ഏതെങ്കിലും ഒരാളുടെ സേവനം ലഭ്യമാക്കുന്നുണ്ട്.

ഒരു പേപ്പറിന് മണിക്കൂറിന് 10 മിനിട്ട് അധിക സമയവും ആവശ്യമെങ്കിൽ വ്യാഖ്യാതാവിന്റെ സേവനവും ലഭിക്കുന്നതാണ്.

പഠനവൈകല്യമുള്ള കുട്ടികളിൽ ഡിസ്ഗ്രാഫിയ വിഭാഗത്തിന് ആവശ്യമെങ്കിൽ ഒന്നാം ഭാഷ, രണ്ടാം ഭാഷ ഇവയിൽ ഏതെങ്കിലും ഒന്നും കൂടാതെ ഹിന്ദിയും ഒഴിവാക്കാവുന്നതാണ്.

ഒഴിവാക്കുന്ന വിഷയങ്ങൾക്ക് പകരമായി (a) കമ്പ്യൂട്ടർ വിദ്യാഭ്യാസം (b) ഹോർട്ടികൾച്ചർ (c) കേറ്ററിംഗ് (d)

| | | | |
|---|---|---|---|
| | | | ഡ്രോയിംഗ് & പെയിന്റിംഗ് എന്നീ വിഷയങ്ങളിൽ താൽപര്യമുള്ളവ തെരഞ്ഞെടുക്കേണ്ടതാണ്.<br><br>ഒന്നാം ഭാഷയിൽ 2 പേപ്പറുകൾ ഉള്ളതിനാൽ അവയ്ക്ക് പകരമായി മേൽ പറഞ്ഞ വിഷയങ്ങളിൽ ഏതെങ്കിലും 2 വിഷയങ്ങൾ തെരഞ്ഞെടുക്കേണ്ടതാണ്.<br><br>പഠനവൈകല്യമുള്ള കുട്ടികളിൽ ഡിസ്കാൽക്കുലിയ വിഭാഗത്തിന് കണക്ക് വിഷയം ഒഴിവാക്കുകയോ അല്ലെങ്കിൽ പ്രസ്തുത വിഷയത്തിന് മാത്രമായി വ്യാഖ്യാതാവിന്റെ സേവനം ആവശ്യപ്പെടുകയോ ചെയ്യാവുന്നതാണ്.<br><br>കണക്ക് വിഷയം ഒഴിവാക്കുന്ന പരീക്ഷാർത്ഥികൾ പകരമായി കംപ്യൂട്ടർ വിദ്യാഭ്യാസം, റാട്ടൺ വർക്സ്, വോക്കൽ മ്യൂസിക്ക് എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ പരീക്ഷ എഴുതേണ്ടതാണ്.<br><br>സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പരീക്ഷ എഴുതുവാൻ തയ്യാറെടുത്ത പഠനവൈകല്യമുള്ള കുട്ടികൾക്കായി ആരോഗ്യം, വിദ്യാഭ്യാസം, കേരള സാമൂഹ്യ സുരക്ഷാ മിഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ വിവിധ താലൂക്ക്/ജില്ലാ ആശുപത്രികൾ കേന്ദ്രീകരിച്ച് ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രത്യേക മെഡിക്കൽ ബോർഡ് രൂപീകരിച്ച് സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ പഠന വെല്ലുവിളി നേരിടുന്ന 198 കുട്ടികൾക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന യു.ഡി.ഐ.ഡി കാർഡും ലഭ്യമാക്കിയിട്ടുണ്ട്.<br><br>2021-22 അധ്യയന വർഷം കോട്ടയം , എറണാകുളം, കണ്ണൂർ , വയനാട് തുടങ്ങിയ ജില്ലകളിൽ പഠന വെല്ലുവിളി നേരിടുന്ന കുട്ടികളുടെ IQ Test നടത്തുന്നതിന് ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ക്ലിനിക്കൽ സൈക്കോളജിസ്റ്റുമാരുടെയും റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റുമാരുടെയും സഹകരണത്തോടെ IQ പരിശോധനകൾ സമയബന്ധിതമായി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു. |

സെക്ഷൻ ഓഫീസർ